9040
21/5/18

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ശ്രീ.ടി.അനിൽകുമാർ, സീനിയർ ക്ലാർക്ക്-സമർപ്പിച്ച റിവ്യൂ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം./178/2018/വനം തീയതി,തിരുവനന്തപുരം, 17/04/2018

---

പരാമർശം:- (1) 11.10.2004 ലെ കോഴിക്കോട്, വർക്കിംഗ് പ്ലാൻ ഓഫീസറുടെ ഇ-13/03 നമ്പർ ഉത്തരവ്

(2) 05.09.2013 തീയതിയായി ശ്രീ.ടി.അനിൽകുമാർ സമർപ്പിച്ച അപ്പീൽ

(3) 19.02.2014-ലെ കണ്ണൂർ നോർത്തേൺ സർക്കിൾ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ഇ2.7220/13 നമ്പർ ഉത്തരവ്

(4) 04.04.2017 തീയതിയായി ശ്രീ.ടി.അനിൽകുമാർ, സീനിയർ ക്ലാർക്ക് സമർപ്പിച്ച റിവ്യൂ ഹർജി

(5) 30.11.2017 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-28564/17 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീ.ടി.അനിൽകുമാർ, സീനിയർ ക്ലാർക്ക്, കോഴിക്കോട് വർക്കിംഗ് പ്ലാൻ ഓഫീസിൽ ക്ലാർക്കായി ജോലി ചെയ്തിരുന്ന 06.02.2002 മുതൽ 17.09.2003 വരെയുള്ള കാലയളവിൽ ജോലിയിൽ കൃത്യവിലോപം നടത്തിയതിന് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും, രണ്ട്

വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞു വയ്ക്കുന്നതിനും സർക്കാർ നഷ്ടമായ 1719/- രൂപ ശമ്പളത്തിൽ നിന്നും ഈടാക്കുന്നതിനും പരാമർശം (1) പ്രകാരം ഉത്തരവാകുകയും ചെയ്തു.

2) അച്ചടക്ക നടപടി തീർപ്പാക്കിയ പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.ടി.അനിൽകുമാർ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ, നിശ്ചിത കാലാവധിക്കുള്ളിൽ സമർപ്പിക്കാത്തതുകൊണ്ടും അപ്പീലിൽ വിശദീകരിച്ച വസ്തുതകൾ തൃപ്തികരമല്ലാത്തതുകൊണ്ടും പരാമർശം (3) പ്രകാരം ടി അപ്പീൽ നിരസിച്ചു.

3) അപ്പീൽ നിരസിച്ചതിനുമേൽ ശ്രീ.ടി.അനിൽകുമാർ പരാമർശം ( 4 ) പ്രകാരം റിവ്യൂ ഹർജി സമർപ്പിച്ചു. കോഴിക്കോട് വർക്കിംഗ് പ്ലാൻ ഓഫീസർ ഒരു തസ്തികയുടേയും നിയമനാധികാരിയോ ശിക്ഷണാധികാരിയോ അല്ലായെന്നും ടിയാന് ലഘു ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകിയിട്ട് രണ്ട് ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടയുക എന്ന കഠിന ശിക്ഷയാണ് നൽകിയതെന്നും ഔപചാരിക അന്വേഷണം ഉൾപ്പെടെ കഠിന ശിക്ഷയുടെ നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളതെന്നും ശ്രീ.ടി.അനിൽകുമാർ റിവ്യൂവിൽ ഉന്നയിച്ചു. ടിയാൻ സർക്കാർ നഷ്ടം ഒടുക്കിയിട്ടുണ്ടെന്നും നടപടിയെടുക്കുന്നതിന് അധികാരമില്ലാത്ത ഓഫീസർ നടപടി ക്രമങ്ങൾ പാലിക്കാതെ ഇറക്കിയ ഉത്തരവ് റദ്ദ് ചെയ്ത് ടിയാന് നീതി ലഭ്യമാക്കണമെന്നും റിവ്യൂവിൽ അപേക്ഷിച്ചിരിക്കുന്നു.

4) കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) റൂൾസ് ചട്ടം 13(2) ബി പ്രകാരം സബോർഡിനേറ്റ് സർവ്വീസിലെ ഒരംഗത്തിനുമേൽ സഞ്ചിതഫലത്തോടെ ഇൻക്രിമെന്റ് നൽകാതിരിക്കുക എന്ന ശിക്ഷ ചുമത്തുന്നതിനുള്ള അധികാരി നിയമനാധികാരിയോ അല്ലെങ്കിൽ ഏതെങ്കിലും ഉന്നതാധികാരിയോ ആയിരിക്കേണ്ടതാണെന്നും, ക്ലാർക്കിന്റെ നിയമനാധികാരി കൺസർവേറ്ററായിരിക്കെ

ശ്രീ.ടി.അനിൽകുമാർ, ക്ലാർക്കിന്റെ രണ്ട് ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയും സർക്കാർ നഷ്ടമായ 1719/- രൂപ ഈടാക്കുന്നതിനും അന്തിമ ഉത്തരവ് പുറപ്പെടുവിച്ച വർക്കിംഗ് പ്ലാൻ ഓഫീസർ കോഴിക്കോടിന്റെ ഉത്തരവ് ക്രമപ്രകാരമല്ലായെന്നും കൂടാതെ കഠിന ശിക്ഷ നൽകിയ കേസിൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലം നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം ഔപചാരികാന്വേഷണം നടത്തിയിട്ടില്ലായെന്നും ശ്രീ.ടി.അനിൽകുമാർ സമർപ്പിച്ച റിവ്യൂ പരിഗണിക്കാവുന്നതാണെന്നും പരാമർശം (5) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായപ്പെട്ടു.

5) സർക്കാർ ഈ വിഷയം 1 9 6 0 ലെ കേരള സിവിൽ സർ വ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളുടെ വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ. ടി.അനിൽകുമാറിന് ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകിയാണ് അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളത്. കഠിനശിക്ഷ നൽകണമെങ്കിൽ കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകേണ്ടതും, കുറ്റാരോപിതനെ നേരിൽ കേൾക്കേണ്ടതും, ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുന്നതിന് അവസരം നൽകേണ്ടതുമാണ്. 1960ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം ഔപചാരികാന്വേഷണം ഉൾപ്പെടെയുള്ള കഠിന ശിക്ഷയുടെ നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയിരിക്കുന്നത്.

6) മേൽ സാഹചര്യത്തിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ ശുപാർശ അംഗീകരിച്ച് ശ്രീ.ടി.അനിൽ കുമാർ, സീനിയർ ക്ലാർക്ക് സമർപ്പിച്ച നിവേദനം 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലം നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 3 5 പ്രകാരം റിവ്യൂ ഹർജിയായി പരിഗണിച്ച്, കൃത്യമായ നടപടി ക്രമങ്ങളിലൂടെയല്ലാതെ അച്ചടക്ക നടപടി തീർപ്പാക്കിയ കോഴിക്കോട്

വർക്കിംഗ് പ്ലാൻ ഓഫീസറുടെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും ചട്ടപ്രകാരം അച്ചടക്ക നടപടി തീർപ്പാക്കുന്നതിന് ശിക്ഷണാധികാരിയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ടും പരാമർശം (4) പ്രകാരം സമർപ്പിച്ച റിവ്യൂ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
NAZARUDEEN A
**അണ്ടർ സെക്രട്ടറി**

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ടി.അനിൽ കുമാർ, സീനിയർ ക്ലാർക്ക്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) , കേരള തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ